**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5990** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമ കേസുകൾ കൈകാര്യം ചെയ്യുവാൻ പ്രത്യേക കോടതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമ പ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുവാൻ നിലവിൽ ഏതൊക്കെ ജില്ലകളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം 1989 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മാനന്തവാടി (വയനാട്), മഞ്ചേരി (മലപ്പുറം), കൊട്ടാരക്കര (കൊല്ലം), മണ്ണാർക്കാട് (പാലക്കാട്) എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ ജില്ലകളിലും പുതിയ പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പുതിയ സ്പെഷ്യൽ കോടതികൾ തുടങ്ങുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികള സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (സി) | തദ്ദേശസ്വയംഭരണ വകുപ്പും കിലയും (KILA) പട്ടികജാതി വികസന വകുപ്പും സംയുക്തമായി 2009-10 വർഷത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് സർവ്വെ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികളെ സംബന്ധിച്ച് വകുപ്പ് തലത്തിൽ പഠനങ്ങളൊന്നും നടന്നിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചെലവഴിക്കപ്പെടുന്ന എസ്.സി.പി. ഫണ്ട് വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. ഈ പദ്ധതികൾ സമഗ്ര വിലയിരുത്തലിന് വിധേയമാക്കി മാർഗ്ഗ രേഖകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ ഈ പദ്ധതികൾ സമഗ്ര വിലയിരുത്തലിന് വിധേയമാക്കി മാർഗ്ഗ രേഖകൾ | (ഡി) | തദ്ദേശസ്വയംഭരണ വകുപ്പും കിലയും (KILA) പട്ടികജാതി വികസന വകുപ്പും സംയുക്തമായി 2009- |

| | | | |
|---|---|---|---|
| | കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ? | | 10 വർഷത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് സർവ്വെ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികളെ സംബന്ധിച്ച് വകുപ്പ് തലത്തിൽ പഠനങ്ങളൊന്നും നടന്നിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചെലവഴിക്കപ്പെടുന്ന എസ്.സി.പി. ഫണ്ട് വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. ഈ പദ്ധതികൾ സമഗ്ര വിലയിരുത്തലിന് വിധേയമാക്കി മാർഗ്ഗ രേഖകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**മൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5990 **09.11.2021** ലെ മറുപടിയ്ക്ക്

**പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമ കേസുകൾ കൈകാര്യം ചെയ്യുവാൻ പ്രത്യേക കോടതികൾ**

| | **ചോദ്യം**<br><br>**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **മറുപടി**<br>**കെ.രാധാകൃഷ്ണൻ**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമ പ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുവാൻ നിലവിൽ ഏതൊക്കെ ജില്ലകളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | എ) | പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം 1989 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മാനന്തവാടി (വയനാട്), മഞ്ചേരി (മലപ്പുറം), കൊട്ടാരക്കര (കൊല്ലം), മണ്ണാർക്കാട് (പാലക്കാട്) എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. |
| ബി) | എല്ലാ ജില്ലകളിലും പുതിയ പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി) | തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പുതിയ സ്പെഷ്യൽ കോടതികൾ തുടങ്ങുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്. |
| സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | സി) & ഡി) | തദ്ദേശസ്വയംഭരണ വകുപ്പും കിലയും (KILA) പട്ടികജാതി വികസന വകുപ്പും സംയുക്തമായി 2009-10 വർഷത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് സർവ്വെ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികളെ സംബന്ധിച്ച് വകുപ്പ് തലത്തിൽ പഠനങ്ങളൊന്നും നടന്നിട്ടില്ല.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചെലവഴിക്കപ്പെടുന്ന എസ്.സി.പി. ഫണ്ട് വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. ഈ പദ്ധതികൾ സമഗ്ര വിലയിരുത്തലിന് വിധേയമാക്കി മാർഗ്ഗ രേഖകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിക്കുന്നതാണ്. |
| ഡി) | ഇല്ലെങ്കിൽ ഈ പദ്ധതികൾ സമഗ്ര വിലയിരുത്തലിന് വിധേയമാക്കി മാർഗ്ഗ രേഖകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**